# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3769 – 21/06/2019 - ലെ മറുപടിക്ക്

## പുനർ നിർമ്മാണത്തിനായി സർക്കാർ എടുക്കുന്ന വായ്പ

ചോദ്യം

ഉത്തരം

ശ്രീ.കെ.വി.വിജയദാസ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പ്രളയാനന്തര പുനർ നിർമ്മാണത്തിനായി ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് വായ്പ എടുക്കുന്നത്; വിശദവിവരം നൽകുമോ; | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇതിൽ ലോകബാങ്കിൽ നിന്ന് വികസന നയവായ്പയായി 1750 കോടി രൂപ ഈ വർഷം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, HUDCO, NIDA, RIDF തുടങ്ങിയ ഏജൻസികളിൽ നിന്നും വായ്പ സ്വരൂപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.<br>നിർവ്വഹണ യോഗ്യമായ പദ്ധതികൾ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. പ്രധാനമായും ദീർഘകാല പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. അതതു വകുപ്പുകളുടെ നേതൃത്വത്തിലാണ് പദ്ധതി തയാറാക്കലും നിർവഹണവും നടക്കുന്നത്. പദ്ധതികൾക്ക് അന്തിമരൂപമാകുന്ന മുറയ്ക്കേ അവയുടെ പൂർത്തീകരണ കാലയളവ് വ്യക്തമാകുകയുള്ളൂ. |
| (ബി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇപ്രകാരം ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുക; വിശദവിവരം നൽകുമോ; | |
| (സി) | പ്രളയാനന്തര പുനർ നിർമ്മാണ പദ്ധതികൾ എത്ര വർഷത്തിനുള്ളിൽ പൂർത്തീകരിക്കു വാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | |

സെക്ഷൻ ഓഫീസർ